# ഇടതു സർക്കാർ അട്ടിമറിക്കുന്ന ന്യൂനപക്ഷ വിദ്യാഭ്യാസം

യു. ഷൈജു

**സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് 4500 രൂപ ആവശ്യമില്ലെന്നും 1000 രൂപ വീതം മതിയെന്നും അർഹരുടെ എണ്ണം രണ്ട് ലക്ഷമായി വർധിപ്പിക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടു. ഇത് പരിഗണിച്ച് സ്കോളർഷിപ്പ് തുക 1000 രൂപയാക്കി. എന്നാൽ കുട്ടികളുടെ എണ്ണം വർധിപ്പിച്ചില്ല. സംസ്ഥാനത്തിന്റെ 'ദീർഘ വീക്ഷണം' കാരണം കോടികളുടെ നഷ്ടം!**

**സച്ചാർ** കമീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മറ്റൊരു സംസ്ഥാനവും നടത്താത്ത തരത്തിൽ കേരളം ഒരു മന്ത്രിയെതന്നെ ചെയർമാനാക്കി ഒരു കമ്മിറ്റി രൂപവത്കരിക്കുകയുണ്ടായി. അതാണ് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി. ഇതിൽ കേരളത്തിലെ മതസമൂഹങ്ങൾക്ക് കൂടി പ്രാതിനിധ്യം നൽകിയപ്പോൾ അത് സർവരാലും പ്രശംസിക്കപ്പെട്ടു. എന്നാൽ, ഇതൊരു കണ്ണിൽ പൊടിയിടലായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമാവുന്നു. പാലോളി കമ്മിറ്റി ശിപാർശകൾ സമർപ്പിച്ചിട്ട് ഒന്നര വർഷമായി. കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ ഇപ്പോൾ പഴയ ആവേശമൊന്നും കാണാനില്ല.

ന്യൂനപക്ഷ വകുപ്പ്, ന്യൂനപക്ഷ സെൽ, മദ്റസാ അധ്യാപകർക്ക് ക്ഷേമനിധി-പെൻഷൻ, ന്യൂനപക്ഷ പാക്കേജ് അധികം ജില്ലകളിൽ കൂടി നടപ്പിലാക്കുക, മുസ്‌ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ്, ദഖിനി-കച്ചി-മേമൻ വിഭാഗങ്ങളെ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുക തുടങ്ങി സച്ചാറിന്റെ പശ്ചാത്തലത്തിൽ പാലോളി കമ്മിറ്റിയുടെ ശിപാർശകൾ നിരവധിയായിരുന്നു. ന്യൂനപക്ഷ സെല്ലും സ്കോളർഷിപ്പും നടപ്പിലാക്കാൻ നോക്കി പാതിവഴിയിൽ നിർത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ വിഭാഗത്തിൽപെട്ട മിടുക്കരായ വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന വിവിധ സ്കോളർഷിപ്പുകൾ കേരളം തടയുകയാണുണ്ടായത്. പ്രഫഷനൽ ടെക്നിക്കൽ വിദ്യാർഥികൾക്കായി മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, പ്ലസ് വൺ മുതൽ ഉന്നത പഠനം നടത്തുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ് തുടങ്ങി നിരവധി പദ്ധതികളുടെ ഗുണഫലം നേടാൻ വിദ്യാർഥികൾക്ക് കഴിയാത്തവിധം സംസ്ഥാനം ഇടപെട്ടു. സംസ്ഥാന സമീപനം നിമിത്തം കേരളത്തിന് അനുവദിച്ചു കിട്ടിയ കോടിക്കണക്കിന് രൂപയാണ് നഷ്ടമായത്. സംസ്ഥാന ധനകാര്യ വകുപ്പിന്റെ വീഴ്ച കാരണം മുസ്‌ലിം, ക്രിസ്ത്യൻ വിദ്യാർഥികൾക്കുള്ള 2008-2009ലെ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് വിതരണം മുടങ്ങിയിരിക്കുകയാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് നൽകേണ്ട പണം തലക്കെട്ടു മാറി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേക്ക് നൽകിയതാണ് വിതരണം മുടങ്ങാൻ കാരണം. അബദ്ധം മനസ്സിലായിട്ടും കോളേജ് വിദ്യാഭ്യാസ വകുപ്പിന് പണം ഇനിയും തിരികെ നൽകിയിട്ടില്ല. വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ട്യൂഷൻ ഫീസായി പ്രതിവർഷം 20,000 രൂപയും ഹോസ്റ്റൽ ഫീസായി 10,000 രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്. ന്യൂനപക്ഷ ജനസംഖ്യാനുപാതം അനു

സരിച്ച് വർഷം തോറും കേരളത്തിലെ 1469 കുട്ടികൾക്കാണ് ധനസഹായം ലഭിക്കുക. ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയാണ് അർഹരായ നിരവധി ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോയതിന് കാരണം. കേന്ദ്രം നൽകിയ പ്രീമെട്രിക് സ്കോളർഷിപ്പ് തുക സംസ്ഥാനം വെട്ടിക്കുറച്ചതു വഴി കേരളത്തിലെ ന്യൂനപക്ഷ സമുദായ വിദ്യാർഥികൾക്ക് 56 കോടി 35 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. കഴിഞ്ഞ വർഷം 46,437 വിദ്യാർഥികൾക്കാണ് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് അനുവദിച്ചതെങ്കിൽ ഈ വർഷം അത് 1,61,000 പേർക്കാണ്. ഒരു വിദ്യാർഥിക്ക് 4500 രൂപ എന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ചെങ്കിലും, കേരളത്തിൽ 1000 രൂപ മതി എന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുകൊണ്ടാണ് ഈ നഷ്ടം. കഴിഞ്ഞ വർഷം കേന്ദ്രം അനുവദിച്ച തുക തന്നെ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതിനർഹരായവരുടെ പട്ടിക തയാറാക്കിയതിലുള്ള പിഴവാണ് കാരണം. മുസ്‌ലിം-ക്രിസ്ത്യൻ ന്യൂനപക്ഷ സമുദായങ്ങളിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകണമെന്നാണ് കേന്ദ്ര സർക്കാറിന്റെ നിർദേശം. എന്നാൽ സംസ്ഥാന സർക്കാർ ലിസ്റ്റ് തയാറാക്കിയപ്പോൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരല്ലത്രെ ഉൾപ്പെട്ടത്. അങ്ങനെ തുക വിതരണം ചെയ്തില്ല. പുതിയ ലിസ്റ്റ് തയാറാക്കിയ ശേഷം വിതരണം ചെയ്താൽ മതിയെന്നാണ് തീരുമാനമെങ്കിലും അതിനുള്ള നടപടികൾ ഒന്നുമായിട്ടില്ല. സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് 4500 രൂപ ആവശ്യമില്ലെന്നും 1000 രൂപ വീതം മതിയെന്നും അർഹരുടെ എണ്ണം രണ്ട് ലക്ഷമായി വർധിപ്പിക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടു. ഇത് പരിഗണിച്ച് സ്കോളർഷിപ്പ് തുക 1000 രൂപയാക്കി. എന്നാൽ കുട്ടികളുടെ എണ്ണം വർധിപ്പിച്ചില്ല. സംസ്ഥാനത്തിന്റെ 'ദീർഘവീക്ഷണം' കാരണം കോടികളുടെ നഷ്ടം! കഴിഞ്ഞ വർഷം സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് അർഹമായ 20 കോടി 89 ലക്ഷം രൂപക്ക് പകരം 4 കോടി 62 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത്. 16 കോടിയിൽ അധികം രൂപ നഷ്ടമായി.

സച്ചാർ സമിതിയുടെ പ്രധാന നിർദേശങ്ങളായിരുന്നു പിന്നാക്ക ന്യൂനപക്ഷ പ്രദേശങ്ങളിൽ മോഡൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ തുടങ്ങിയവ സ്ഥാപിക്കുകയെന്നത്. ഈ നിർദേശങ്ങൾ ഒന്നും നമ്മുടെ സംസ്ഥാനം കണ്ടമട്ട് കാട്ടിയില്ല. ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ നൽകിയാൽ നയാ പൈസയുടെ ചെലവില്ലാതെ സ്ഥാപനങ്ങൾ ഇവിടെ ഉയരും. എന്നാൽ സംസ്ഥാന സർക്കാറിന്റെ ഉത്തരവാദിത്വമില്ലായ്മ കാരണം കുറച്ചധികം വിദ്യാർഥികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. മദ്രാസ് സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ എസ്.പി ത്യാഗരാജന്റെ നേതൃത്വത്തിൽ നടന്ന പഠനമനുസരിച്ച് കാസർകോട്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ കോളേജുകൾ തുടങ്ങണമെന്ന് നിർദേശിച്ചു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ബഹുദൂരം മുന്നോട്ടുപോയപ്പോൾ കേരളത്തിന് ഒച്ചിന്റെ വേഗം പോലും ഉണ്ടായില്ല.

രാജ്യത്തെ ന്യൂനപക്ഷ പ്രദേശങ്ങളിൽ ആയിരം പോളിടെക്നിക്കുകൾ സ്ഥാപിക്കാൻ 737.82 കോടി രൂപ കേന്ദ്രം വകയിരുത്തി. ഇതിൽ കേരളത്തിന് അനുവദിച്ചത് നൂറ് പോളിടെക്നിക്കുകൾ (കേന്ദ്രഫണ്ടിൽ 30, പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ 30, സ്വകാര്യ മേഖലയിൽ 40). ഒരു പോളിയിൽ 300 വിദ്യാർഥികൾ വീതം 3000 കുട്ടികൾക്ക് പഠിക്കാനുള്ള അവസരമാണ് സംസ്ഥാനം തടഞ്ഞിട്ടിരിക്കുന്നത്. കേന്ദ്രം കേരളത്തിന് പത്ത് ഐ.ടി.ഐകളാണ് അനുവദിച്ചത്. ഓരോ കേന്ദ്രത്തിനും 7.19 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിലും സംസ്ഥാന തൊഴിൽ വകുപ്പ് ഉരുണ്ട് കളിക്കുകയാണ്. പാലോളി കമ്മിറ്റി കൂടി നിർദേശിച്ച ഉർദു ഐ.ടി.ഐ എന്ന ആവശ്യം സംസ്ഥാനം കണ്ടില്ലെന്ന് നടിക്കുന്നു.

ഇതുതന്നെയാണ് കേന്ദ്ര സർക്കാർ സഹായത്തിൽ അനുവദിച്ച അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയുടെ കേരള ഓഫ് കാമ്പസിന്റെയും കഥ. കേരളത്തിനും ബംഗാളിനും ഇതേ ആവശ്യത്തിന് കേന്ദ്രം ഫണ്ട് അനുവദിച്ചത് അതത് സംസ്ഥാന സർക്കാറിന്റെ ക്രിയാത്മക ഇടപെടലാണെന്ന *ദേശാഭിമാനി* റിപ്പോർട്ട് കണ്ട് ജനം തെറ്റിദ്ധരിക്കുകയൊന്നുമില്ല. ഇരു സംസ്ഥാനത്തും ഇടത് കോട്ടകൾക്ക് ചീട്ടുകൊട്ടാരത്തിന്റെ ഗതി വന്നത് കേന്ദ്രം തിരിച്ചറിഞ്ഞുവെന്ന് കരുതാൻ ജനത്തിന് പാർട്ടി പഠനക്ലാസിന്റെ ആവശ്യമില്ല. ഇക്കഴിഞ്ഞ ബജറ്റിൽ കേന്ദ്രം അനുവദിച്ച 25 കോടി രൂപ ഇല്ലാതാകാൻ സംസ്ഥാന സർക്കാർ കാരണക്കാരായാൽ ഭവിഷ്യത്ത് ഗുരുതരമായിരിക്കും. പാണക്കാടും ചേലാമലയും കളിക്കാതെ ഉചിതമായ സ്ഥലം ഏറ്റെടുത്ത് സർക്കാർ അലീഗഢ് ഓഫ് കാമ്പസ് സ്ഥാപിക്കുകയാണ് വേണ്ടത്.

ഇടതുപക്ഷത്തിന്റെ 'പക്ഷം' വിദ്യാഭ്യാസ മേഖലയിൽ മാത്രം പരിശോധിച്ചാൽ ഒട്ടനവധി കാര്യങ്ങൾ തെളിഞ്ഞുവരും. മദ്റസാ നവീകരണത്തിനുള്ള 2004-'05, 2005-'06 കാലത്തെ ഫണ്ട് ലഭിച്ചപ്പോൾ ഇടതുസർക്കാർ അധികാരമേറ്റതിന് ശേഷം ഈ ഫണ്ട് ലഭിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് 20 ശതമാനം സംവരണം നടപ്പിലാക്കണമെന്ന സുപ്രീംകോടതി ഉത്തരവ് കേരളത്തിൽ ബാധകമല്ല എന്ന നിലപാടിലാണ് സർക്കാർ. ജനറൽ മെറിറ്റിൽ പ്രവേശനം നേടുന്നവരെ സംവരണത്തിൽ ഉൾപ്പെടുത്തി കള്ളക്കളി തുടരുകയും ചെയ്യുന്നു. സ്വാശ്രയ മാനേജ്മെന്റും സർക്കാറും തമ്മിൽ ഒത്തുകളിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട അർഹമായ സീറ്റുകൾ നഷ്ടപ്പെടുത്തുന്നു. പാലോളി കമ്മിറ്റി പ്രഖ്യാപിച്ച സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന 5000 പെൺകുട്ടികൾക്ക് അനുവദിച്ച സ്കോളർഷിപ്പ് കേവലം 5-ൽ ഒതുക്കി. ഇങ്ങനെ ന്യൂനപക്ഷങ്ങളുടെ നീണ്ട ഒരു കുറ്റപത്രമാണ് ഇടതുസർക്കാറിനു മുന്നിൽ!

ന്യൂനപക്ഷ കമീഷനും ന്യൂനപക്ഷ വികസന ഫിനാൻസ് കോർപറേഷനും രൂപവത്കരിക്കാത്ത സംസ്ഥാനമാണ് കേരളം. നിരവധി സംസ്ഥാനങ്ങളിൽ കമീഷനും കോർപറേഷനുമൊക്കെ രൂപവത്കരിച്ചപ്പോൾ കേരളം വഴിയിൽ പകച്ചു നിൽക്കുന്നു. ധാർഷ്ട്യവും ഹുങ്കും കൈവെടിഞ്ഞ്, പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന്റെ വിദ്യാഭ്യാസ അവകാശങ്ങൾ വകവെച്ചു നൽകുന്ന തീരുമാനമാണ് ഇടതുസർക്കാറിൽനിന്ന് ജനം പ്രതീക്ഷിക്കുന്നത്. ■